(ഡി) 24-4-2009-ൽ ചെന്നൈയിൽ വച്ച് നടന്ന ചർച്ചയിൽ തമിഴ്നാട് മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ് :

ആനമലയാർ ഡാം കേരളം നിർമ്മിക്കുമെന്ന ആശയം ആദ്യമായി പരിഗണിക്കാമെന്ന് തമിഴ്നാട് ഉപാധികളോടെ സമ്മതിച്ചു. കേരളം പ്രോജക്ടിന്റെ ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് തമിഴ്നാടിന് ലഭ്യമാക്കണം ആനമലയാർ ഡാമിനുള്ള അനുബന്ധ കരാർ ഒപ്പുവച്ച് 5 വർഷത്തിനകം കേരളം ഇടമലയാർ പ്രോജക്ട് പൂർത്തിയാക്കണം, ആനമലയാർ പ്രോജക്ടിന്റെ നിർമ്മാണവും ഇടമലയാർ ഡാമിന്റെ പൂർത്തീകരണവും ഒരേ സമയം നടത്തണം. ആനമലയാർ ഡാമിന്റെ പൂർത്തീകരണത്തിനായി നിശ്ചിത സമയപരിധി അനുബന്ധകരാറിൽ ഉറപ്പിക്കണം. ഏതെങ്കിലും കാരണവശാൽ പി.എ.പി. കരാറിൽ പറഞ്ഞപോലെ 2.5 Tmcft. ജലം ആനമലയാറിൽ നിന്നും നൽകാൻ സാധിച്ചില്ലെങ്കിൽ അത്രയും ജലം മറ്റു സ്രോതസ്സുകളിൽ നിന്നും നൽകണം ഇവയായിരുന്നു ഉപാധികൾ.

അപ്പർ നീരാറിൽ നിന്ന് വർഷം മുഴുവൻ (ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ ഉൾപ്പെടെ) തമിഴ്നാടിന് വെള്ളം നൽകാൻ കേരളം തയ്യാറാകണം.

തമിഴ്നാട് ഷോളയാർ പമ്പ് ഹൗസ് II -ൽ നിന്നും കേരള ഷോളയാറിലേക്ക് ജലം നൽകാൻ പ്രതിമാസാടിസ്ഥാനത്തിൽ ഒരു റിലീസ് പാറ്റേൺ തയ്യാറാക്കാൻ കേരളം സമ്മതിക്കണം.

മണക്കടവ് വിയറിന് മുകളിലായി ഒരു ബാലൻസിംഗ് റിസർവോയർ നിർമ്മിക്കുവാൻ തമിഴ്നാടിനെ അനുവദിക്കണം.

6.7 Tmcft. ജലം അപ്പർ നീരാറിൽ നിന്നും നേരിട്ട് തിരുമൂർത്തി ഡാമിലേയ്ക്ക് എത്തിക്കുവാൻ നീരാർ-നല്ലാർ നിർമ്മിക്കുവാൻ തമിഴ്നാടിനെ അനുവദിക്കണം.

(ഇ) പുനരവലോകനം നീണ്ടുപോകുന്നതിനാൽ പുനരവലോകന ചർച്ചകളിൽ കേരളം ഉന്നയിച്ചുവരുന്ന ആവശ്യങ്ങൾ നടപ്പിലാക്കുവാൻ സാധിക്കുന്നില്ലെന്ന നഷ്ടം മാത്രമേ ഉണ്ടായിട്ടുള്ളു.

(എഫ്) കേരള- തമിഴ്നാട് ചീഫ് സെക്രട്ടറിതല ചർച്ച 2010 ഒക്ടോബറിൽ തിരുവനന്തപുരത്ത് വച്ച് നടത്താനുള്ള സന്നദ്ധത കേരളം തമിഴ്നാടിനെ അറിയിച്ചിരിക്കുകയാണ്.

നിയമനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി

17 (5685) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർവ്വീസിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പി.എസ്.സി. യെ കൊണ്ട് ഒഴിവുകളിൽ കാലതാമസം കൂടാതെ നിയമനങ്ങൾ നടത്തുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നടപ്പ് സാമ്പത്തിക വർഷത്തെ 31-3-2011 വരെ ഉണ്ടാകുവാൻ സാധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും 31-7-2010-ന് മുൻപ് നിർബന്ധമായും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പദ്ധ്യക്ഷൻമാർക്കും പൊതുമേഖലാ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. നിയമനം

18 (5688) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മാർച്ചിൽ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ആനുപാതികമായി എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. ലിസ്റ്റിൽ നിന്നും ഒഴിവുള്ള മുഴുവൻ തസ്തികകളിലും നിയമനം നടത്തുവാൻ നിർദ്ദേശം നൽകുമോ ;

(ഡി) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. ലിസ്റ്റിൽനിന്നും നാളിതുവരെ നിയമനം നൽകിയവരുടെ ജാതി തിരിച്ചുള്ള നില വ്യക്തമാക്കുമോ ;

(ഇ) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. ലിസ്റ്റിൽ നിന്നും ഈ വർഷം ഇനി എത്ര ആളുകൾക്ക് ജോലി നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) വേക്കൻസികൾ ഒഴിഞ്ഞു കിടന്നിട്ടും റിപ്പോർട്ട് ചെയ്യാതെ എംപ്ലോയ്മെന്റ് വഴിയും ഇതര മാർഗ്ഗത്തിലൂടെയുമായി എൽ.ഡി.സി. മാരായി തിരുവനന്തപുരം ജില്ലയിൽ ഓരോ വകുപ്പിലും ജോലി ചെയ്യുന്നവരുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ജി) ഇത്തരത്തിൽ ജോലി ചെയ്യുന്നവരെ പിരിച്ചുവിട്ട് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ അടിയന്തര ഉത്തരവ് നൽകുമോ ?

ഉത്തരം

(എ - എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) പി.എസ്.സി. നിയമനം ലഭിച്ചവർ ജോലിയിൽ പ്രവേശിച്ചയുടനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ദിവസ വേതനാടിസ്ഥാനത്തിലും ജോലിയിൽ തുടരുന്നവരെ പിരിച്ചുവിടുന്നതിന് 19-7-2006-ലെ സർക്കുലർ

LIBRARY ARCHIVES Kerala Legislative Assembly